"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി സംസ്ഥാനതല കമ്മിറ്റി തെരഞ്ഞെടുത്ത സംസ്ഥാനത്തെ 2 ജില്ലകളിൽ നിന്നുള്ള സ്ഥാപനങ്ങളെ പ്രചോദനം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.9/2026/SJD തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം. 106/2025-സാ.നീ.വ. തീയതി 19/05/2025

2. സ.ഉ.(സാധാ)നം. 259/2025-സാ.നീ.വ. തീയതി 16/09/2025

3 സാമൂഹ്യനീതി ഡയറക്ടറുടെ 16.10.2025-ലെ SJD/2077/2025 നമ്പർ കത്ത്

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷം കേരളത്തിലെ 14 ജില്ലകളിൽ നിന്നും ഒരു സ്ഥാപനം എന്ന രീതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

2) ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി തൊഴിൽ പരിശീലനം, നൈപുണ്യ വികസനം എന്നിവ നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രചോദനം പദ്ധതിയിലേക്ക് താൽപ്പര്യപത്രം ക്ഷണിച്ച് ജില്ലകളിൽ നിന്ന് അപേക്ഷ സ്വീകരിക്കുകയും സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയതിന്റേയും അടിസ്ഥാനത്തിൽ 8 സ്ഥാപനങ്ങളെ പരാമർശം (2) പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

3) ടെക്നിക്കൽ കമ്മിറ്റിയിൽ അപേക്ഷ ലഭ്യമാകാത്ത ജില്ലകളിൽ പുനർ വിജ്ഞാപനത്തിലൂടെ അപേക്ഷകൾ ലഭ്യമാകുകയും ആയത് ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയതിന്റേയും

അടിസ്ഥാനത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളെ പ്രചോദനം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(i) സെന്റ് അൽഫോൺസ സോഷ്യൽ സെന്റർ കിടങ്ങൂർ പി.ഒ. അങ്കമാലി, എറണാകുളം, പിൻ- 683572,

(ii) ഫെയ്ത്ത് ഇന്ത്യ, വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ ഭീമനാട് പി.ഒ., പാലക്കാട്

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്രവികസനത്തിനായി സംസ്ഥാനതല സമിതി തെരഞ്ഞെടുത്ത സംസ്ഥാനത്തെ എറണാകുളം, പാലക്കാട് ജില്ലകളിൽ നിന്നുള്ള സെന്റ് അൽഫോൺസ സോഷ്യൽ സെന്റർ , കിടങ്ങൂർ പി.ഒ. അങ്കമാലി, എറണാകുളം, പിൻ- 683572, ഫെയ്ത്ത് ഇന്ത്യ, വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ ഭീമനാട് പി.ഒ., പാലക്കാട് എന്നീ സ്ഥാപനങ്ങളെ പ്രചോദനം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUSAN LOPEZ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

സംസ്ഥാന ഭിന്നശേഷി കമ്മീഷണർ, സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, ആഞ്ജനേയ, ശാസ്തമംഗലം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്.എസ്.എ.) കേരള തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Jasmine Thomas**
**Date: 08-01-2026 19:18:18**

സെക്ഷൻ ഓഫീസർ

പകർപ്പ്- സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പി.എ.-യ്ക്ക്

സാമൂഹ്യനീതി സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്